"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരളോത്സവം - 2023ലെ കേരളോത്സവത്തിന് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന് അനുവദിച്ചിരുന്ന തുകയ്ക്ക് പുറമെ തനത് ഫണ്ടിൽ നിന്നും 25,037/- രൂപ ചെലവാക്കിയ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2206/2024/LSGD തീയതി,തിരുവനന്തപുരം, 14-11-2024

---

പരാമർശം:- 1)26/ 08/ 2023 ലെ സ.ഉ (സാദാ) നം .1753/ 2023/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
2)തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21/09/2024ലെ LSGD/PD/31798/2024-DPLA4 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന് 2023 കേരളോത്സവം നടത്തിപ്പിനായി ചെലവഴിക്കാവുന്ന പരമാവധി തുകയായ 2,50,000/- രൂപ അഡ്വാൻസായി പരാമർശം ഒന്ന് പ്രകാരം അനുവദിച്ചിരുന്നുവെങ്കിലും 2,75,037/-രൂപ ചെലവഴിച്ചിട്ടുള്ളതിനാൽ അധികമായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 25,037/- രൂപയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023 കേരളോത്സവത്തിന് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന് അനുവദിച്ചിരുന്ന 2,50,000/- രൂപയ്ക്ക് പുറമെ ചെലവായ 25,037/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/168/2024/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 14-11-2024 15:13:16
സെക്ഷൻ ഓഫീസർ